# മാലിന്യം– സാമൂഹികവും സാംസ്കാരികവും

കെ. അരവിന്ദാക്ഷൻ

അഴുകിയ ഭക്ഷണസാധനങ്ങളും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉറകളും ഫ്യൂസായ ബൾബുകളും എന്നുവേണ്ട നമുക്കാവശ്യമില്ലാത്തതെന്തും നാം വളരെ സുരക്ഷിതമായി നമ്മുടെ മതിലിനപ്പുറത്തേക്കോ വേലിപ്പുറത്തേക്കോ തള്ളുന്നു. നഗരത്തിലേയും പട്ടണത്തിലേയും വലിയ ഗ്രാമങ്ങളുടേയും വഴിയോരങ്ങൾ ഇന്ന് മനസ്സുറപ്പിക്കുന്ന അഴുക്കുകൂമ്പാരങ്ങളാണ്. അവ നമ്മുടെ കണ്ണുകളെ ഒരിക്കലും മലിനമാക്കുന്നില്ല. റോഡിന്റെ വശങ്ങളിലുള്ള പാടശേഖരങ്ങൾ കശാപ്പുശാലകളുടേയും ബാർബർഷാപ്പുകളുടേയും ആസ്പത്രികളുടേയും മാലിന്യങ്ങളാൽ അഴുകുന്നു. ഇപ്പോൾ പകൽനേരത്തുപോലും സ്കൂട്ടറിലോ കാറിലോ വന്ന് പുഴയ്ക്കു മേലെയുള്ള പാലത്തിൽ നിന്ന് മാലിന്യങ്ങൾ വെള്ളത്തിലേക്കെറിയുന്നത് കാണാം. നഗരമാലിന്യങ്ങൾ ഗ്രാമങ്ങളിൽ മുൻസിപ്പാലിറ്റി തന്നെ കൊണ്ടുതള്ളുന്നു. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സഞ്ചരിച്ചാൽ കപ്പയുടെ ദുർഗന്ധത്താൽ നമ്മുടെ കണ്ണ് തള്ളിപ്പോകുന്നു. ചിലപ്പോൾ ഒരിരുട്ടടി പോലെ ടൈഫോയ്ഡോ എലിപ്പനിയോ മലേറിയയോ പടർന്ന് പിടിക്കുമ്പോൾ പത്രക്കാരും രാഷ്ട്രീയക്കാരും അധികാരികളും നീണ്ട നിദ്രയിൽ നിന്നുണർന്ന് പരസ്പരം പഴി ചാരുന്നു. എങ്ങനെയെങ്കിലും അതെല്ലാം ഒന്ന് അടക്കിനിർത്തുന്നതോടെ നമ്മുടെ ധാർമികരോഷവും അവസാനിക്കുന്നു. നമ്മുടെ കായലും പുഴയും തോടും പാടവും മണ്ണും ജീർണിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളമെന്ന ദേശം ഒരു വലിയ പഴുത്ത വ്രണമാണിന്ന്.

ശുചിത്വവും വൃത്തിയും ഉള്ളവരെന്ന് അഭിമാനിക്കുന്ന നാം മലയാളികൾക്ക് ഒരു സമൂഹത്തിന് അവശ്യം വേണ്ടതായ ശുചിത്വമര്യാദകളോ സാമൂഹ്യബോധങ്ങളോ ഇല്ല. ഇത്രയും സ്വാർത്ഥപൂരിതമായ മനസ്സുകൾ നമ്മേക്കാൾ വേറെ ഉണ്ടോ? നമ്മുടെ പിന്നാമ്പുറത്ത് കഴിച്ചിട്ട് സംസ്കരിക്കേണ്ട മാലിന്യങ്ങൾ പൊതുവഴിയിലും പുഴവക്കിലും അന്യന്റെ മുറ്റത്തേയ്ക്കും വലിച്ചെറിയുന്ന നമുക്ക് എന്തു സംസ്കാരമാണ് ഉള്ളത്? വ്യക്തിയെന്ന നിലയിൽ നാം ഓരോരുത്തരും നമ്മെ ഒരു വിചാരണക്ക് വിധേയമാക്കിയാൽ അറിയാം, നമ്മുടെ മനസ്സിന്റെ ജീർണതയും ഹിംസയും. രണ്ടുനേരം കുളിച്ചതുകൊണ്ടോ, റെയ്മണ്ട് സ്യൂട്ടിങ്ങ് ധരിച്ചതുകൊണ്ടോ ചെത്തിനടന്നതുകൊണ്ടോ ഒരു ജനത സാംസ്കാരികമായി ഒരു മില്ലീമീറ്റർ പോലും മുന്നോട്ടു നീങ്ങുന്നില്ലെന്നതിന് ഉദാഹരണമാണ് നമ്മൾ. ശീഘ്രസ്ഖലന ജീവികളായതിനാൽ നമുക്ക് ഒരു പ്രവൃത്തിയും മുന്നോട്ടു കൊണ്ടുപോകാൻ കഴിയാറില്ല. ഒരു നിമിഷനേരത്തിന്റെ സുഖമാണ് നമ്മുടെ ജീവിതസത്യം. ഭക്ഷണമായാലും വസ്ത്രമായാലും വീടായാലും ആശയമായാലും ഇതിനപ്പുറമില്ല.

ഭോഗത്തിലും മാത്രമല്ല തീറ്റിയിലും കുടിയിലും ആശയത്തിലും നമ്മുടേത് നിരോധ് സംസ്കാരമാണ്. എത്രയെത്ര തീറ്റിസാധനങ്ങളുടേയും പാനീയങ്ങളുടേയും ആശയങ്ങളുടേയും നിറപ്പകിട്ടുള്ള പ്ലാസ്റ്റിക് കവറുകളാണ് ഇന്ന് നമ്മുടെ മണ്ണിലും വീട്ടിലും അടിഞ്ഞുകൂടിയിരിക്കുന്നത്. വരാനിരിക്കുന്ന ഏതെങ്കിലും ഒരു തലമുറ നമ്മുടെ മണ്ണും പരിസരവും ഖനനം ചെയ്യപ്പെട്ടാൽ കണ്ടെത്തുക, ഒരു നിരോധ് സംസ്കാരത്തിന്റെ അവശിഷ്ടമായിരിക്കും. ചെറിയ തലച്ചോറും രാക്ഷസീയമായ ശരീരവും കൊണ്ട് സ്വയം അന്യം വന്നുപോയ ദിനോസറുകളുടെ പിൻഗാമികളായിട്ടായിരിക്കും അവർ നമ്മെ വിലയിരുത്തുക. ക്രിയാത്മകതയും സർഗാത്മകതയും ചരിത്രത്തിന്റെ നിർണായക മുഹൂർത്തത്തിൽ സ്വയം നശിപ്പിച്ച മനുഷ്യദിനോസറുകളുടെ ഒരു വർഗം. സ്വയം വിമർശനവും വിചാരണയും ഇല്ലാതെ ഒടുങ്ങിയ ഭ്രൂണത്തെ പിമികൾ. ജന്മം തന്ന മാതൃത്വവും പിതൃത്വവും മണ്ണും ജലവും വായുവും ജീർണിപ്പിച്ച് ഖ്യാതി നേടിയ മനുഷ്യന്റെ ഉടലും ഉദരത്തിന്റെ തലച്ചോറും(മനസ്സും)ഉള്ള ഒരു മൃട്ടേറ്റസ് വർഗ്ഗം.

# ക്ലിങ്കർ ഫാക്ടറി: ജനരോഷം ശക്തം; പൊതുതെളിവെടുപ്പ് 24ന്

1-ാം പേജ് തുടർച്ച

ഢജലക്ഷാമത്തിനും ഫാക്ടറി ഇടവരുത്തുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ഫാക്ടറിയുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്ന തുറമുഖ വികസനത്തിലും അവ്യക്തതകളുണ്ട്. ചരിത്രസ്മൃതികളുറങ്ങുന്ന ഈ പ്രദേശത്തെ തുറമുഖം സൗരാഷ്ട്ര സിമന്റ് കമ്പനിയുടെ കുത്തകയായി മാറുമോ എന്നതാണ് ആശങ്ക. ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സുതാര്യമല്ല എന്നത് സംശയങ്ങൾ ബലപ്പെടുത്തുന്നു.

അമ്പതോളം പേർക്കു മാത്രം തൊഴിൽ ലഭിച്ചേക്കുമെന്ന കാരണത്താൽ നാടിനേയും ജീവിതത്തേയും നശിപ്പിക്കുന്ന ക്ലിങ്കർ ഫാക്ടറി തുടങ്ങാനനുവദിക്കില്ല എന്ന നിശ്ചയദാർഢ്യത്തിലാണ് നാട്ടുകാർ.